നം. 228523/2021/DGE

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: [illegible]/2021

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - ലാംഗ്വേജ് ലാബ് - കൈറ്റ് വികസിപ്പിച്ചെടുത്ത ഇ-ലാംഗ്വേജ് ലാബ് സോഫ്റ്റ്‌വെയർ അധിഷ്ഠിത പരിശീലനം നടത്തുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : -1. സ. ഉ(സാധാ) നം. 3713/2017/പൊ.വി.വ തീയതി 15.10.2017.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അധ്യക്ഷതയിൽ 28.05.2018 ന് ഡി.സി.ഇ കളിൽ ലാഗ്വേജ് ലാബുകൾ ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ യോഗത്തിന്റെ മിനിറ്റ്സ്.
3. സ. ഉ(സാധാ) നം. 804/2020/പൊ.വി.വ തീയതി 17.02.2020
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13.03.2020 ലെ ക്യു.ഐ.പി.(1)/8016/2020/ ഡി.ജി.ഇ സർക്കുലർ.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22.01.2021 ലെ പി.എൽ2/13762/2020/ ഡി.ജി.ഇ നമ്പർ കത്ത്.
6. കൈറ്റ് സിഇഒ യുടെ .20.02.2021 ലെ KITE/2021/1468(5) നമ്പർ കത്ത്,

സംസ്ഥാനത്തെ 14 ഡയറ്റുകളിലും ഡിസ്ട്രിക്ട് സെന്റർ ഫോർ ഇംഗ്ലീഷ് (ഡി.സി.ഇ) സജ്ജീകരിക്കാൻ സൂചന 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന 2 പ്രകാരം ലാംഗ്വേജ് ലാബുകളിലേക്ക് ആവശ്യമായ ഐടി ഉപകരണങ്ങളും പ്രത്യേക സോഫ്റ്റ്‌വെയറും ലഭ്യമാക്കുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷനെ (കൈറ്റ്) ചുമതലപ്പെടുത്തുകയും കൈറ്റ് പ്രസ്തുത ലാബുകൾ സജ്ജമാക്കുകയും ചെയ്തു. സൂചന 3 പ്രകാരം ഒന്നു മുതൽ എട്ടുവരെ ക്ലാസുകളിലെ വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാപ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനും പഠനം കൂടുതൽ രസകരമാക്കുന്നതിനുമായി ഇ-ക്യൂബ് ഇംഗ്ലീഷ് പദ്ധതി നടപ്പിലാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന 4 പ്രകാരം ഒന്നു മുതൽ ഏഴ് വരെ ക്ലാസുകളിലെ അധ്യാപകർക്ക് ഇ-ക്യൂബ് ഇംഗ്ലീഷിൽ പ്രത്യേക പരിശീലനം നൽകാൻ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ കോവിഡ്19 മൂലം പ്രസ്തുത പരിശീലനം നടത്തിയിരുന്നില്ല. സൂചന 3 പ്രകാരമുള്ള സർക്കാർ ഉത്തരവിൽ പദ്ധതി 2020-21 അക്കാദമിക വർഷത്തിൽതന്നെ തുടങ്ങേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സൂചന 5 പ്രകാരം ഇ-ലാംഗ്വേജ് ലാബ് സോഫ്റ്റ്‌വെയർ ട്രൈഔട്ട് നടത്തി നടപ്പിലാക്കാവുന്നതാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.

ലാംഗ്വേജ് ലാബുകൾ സജ്ജമാക്കുകയും ലാബുകളിൽ ഉപയോഗിക്കുന്നതിന് സർക്കാർ നിർദ്ദേശപ്രകാരം കൈറ്റ് പ്രത്യേക സോഫ്റ്റ്‌വെയർ സജ്ജമാക്കുകയും പ്രസ്തുത സോഫ്റ്റ്‌വെയർ ട്രൈഔട്ട് നടത്തുകയും ചെയ്തതിനാൽ പദ്ധതി നടപ്പിലാക്കാൻ അധ്യാപക പരിശീലനം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് സൂചന 6 പ്രകാരം കത്ത് ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

i. സംസ്ഥാനത്ത് നിലവിലുള്ള കോവിഡ് 19 പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് എല്ലാ പ്രൈമറി-അപ്പർ പ്രൈമറി വിഭാഗം സ്കൂളുകളിലും ഇ-ക്യൂബ്-ഇ-ലാഗ്വേജ് ലാബ് സോഫ്റ്റ്

വെയർ അധിഷ്ഠിത പരിശീലനത്തിന്റെ ആദ്യ ഘട്ടം 2021 മാർച്ച് മുതൽ കൈറ്റ് ക്രമീകരിക്കേണ്ടതാണ്.

ii. പ്രൈമറി സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർമാർക്ക് (പി.എസ്.ഐ.ടി.സി.) ആദ്യഘട്ട പരിശീലനം ക്രമീകരിക്കേണ്ടതാണ്. പരിശീലനത്തിന്റെ ഭാഗമായി കൈറ്റ് വികസിപ്പിച്ചെടുത്ത ഇ-ക്യൂബ്-ഇ-ലാഗ്വേജ് ലാബ് സോഫ്റ്റ്‌വെയർ എല്ലാ സ്കൂളുകളിലും ഇൻസ്റ്റാൾ ചെയ്യുന്നതിനുള്ള ക്രമീകരണങ്ങളും ഒരുക്കേണ്ടതാണ്.

iii. എല്ലാ പ്രൈമറി-അപ്പർ പ്രൈമറി വിഭാഗം സ്കൂളുകളിലേയും ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്ന അധ്യാപകർക്ക് പരിശീലനം ക്രമീകരിക്കേണ്ടതും പ്രസ്തുത പരിശീലനത്തിൽ ഓരോ സ്കൂളിലേയും അധ്യാപകർ പങ്കെടുത്തുവെന്ന് അതത് സ്കൂൾ പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതുമാണ്.

iv. വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ അവരവരുടെ അധികാര പരിധിയിലെ സ്കൂളുകളിലുള്ള അധ്യാപകർ ടി പരിശീലനത്തിൽ പങ്കെടുക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും ക്രമീകരണങ്ങളും ഒരുക്കേണ്ടതാണ്.

കോവിഡ് 19 പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഇ-ലാംഗ്വേജ് ലാബ് സോഫ്റ്റ്‌വെയർ അധിഷ്ഠിത പരിശീലനം ക്രമീകരിക്കുന്നതിനും തുടർപ്രവർത്തനങ്ങൾക്കും കൈറ്റിനെ ചുമതലപ്പെടുത്തുന്നു.

24/2/21.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
ഒന്നു മുതൽ ഏഴ് വരെ ക്ലാസുകളുള്ള എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും.

പകർപ്പ്:

എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും
സ്റ്റോക്ക് ഫയൽ